പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3968 11.11.2019 ൽ മറുപടിയ്ക്ക്

## മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

ചോദ്യം

ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.പി.ജെ.ജോസഫ്
ശ്രീ.മോൻസ് ജോസഫ്
ഡോ.എൻ. ജയരാജ്

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ജില്ലകളിൽ തുടങ്ങുവാൻ നിശ്ചയിച്ചിരിക്കുന്ന പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) കുട്ടികളിലെ അംഗപരിമിതികൾ നേരത്തെ കണ്ടെത്താനും അനുയോജ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ തുടങ്ങുവാൻ നിശ്ചയിച്ചിരിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിന് കോഴിക്കോട്, പാലക്കാട്, പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിൽ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണപ്രവർത്തനങ്ങൾ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. |
| (ബി) 2013 ൽ അന്നത്തെ സർക്കാർ തുടക്കം കുറിച്ച സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റി പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (ബി) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതി അംഗപരിമിതർക്കുള്ള മേഖലയിലെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 2016 മുതൽ "അനുയാത്ര" എന്ന പേരിലുള്ള ഒരു സമഗ്രമായ പരിപാടി സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെ നടപ്പാക്കുന്നു. |
| (സി) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പരിചരിക്കുവാൻ ഏതെല്ലാം സ്പെഷ്യലൈസേഷനുള്ള ജീവനക്കാരെയാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സേവനങ്ങൾ നല്കുന്നതിനായി ആരംഭിച്ചിട്ടുള്ള ഓട്ടിസം സെന്ററുകൾ, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ, എന്നിവിടങ്ങളിൽ ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഒക്ക്യുപേഷണൽ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഡെവലപ്പ്മെന്റ് |

| | |
|---|---|
| | തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേഷൻ എന്നീ മേഖലകളിൽ സ്പെഷ്യലൈസേഷനുള്ള ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. |
| (ഡി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ കെട്ടിടനിർമ്മാണത്തിന് എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഈ പദ്ധതിയുടെ 11 ജില്ലകളിലെ കെട്ടിടനിർമ്മാണത്തിനായി 34.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (ഇ) സംസ്ഥാനത്തെ അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലാണ് റീജിയണൽ ഏർളി ഇന്റവെൻഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്. |

Jasmin Thomas

സെക്ഷൻ ഓഫീസർ